16
ചൊവ്വ
മെയ് 2023
1198 ഇടവം 2
പേജ് 14, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

ദേശാഭിമാനി

www.deshabhimani.com
facebook.com/deshabhimani
@DBIDaily
@ dbitvm@gmail.com

ESTD. 1942

എസ്എസ്എൽസി ഫലം 20ന് ഹയർ സെക്കൻഡറി 25ന്

കൊച്ചി

എസ്എസ്എൽസി പരീക്ഷാ ഫലം 20ന് പ്രസിദ്ധീകരിക്കും. ഹയർസെക്കൻഡറി 25നും. എസ്എസ്എൽസി പരീക്ഷാ മൂല്യനിർണയത്തിൽനിന്ന് വിട്ടുനിന്ന 3006 അധ്യാപകർക്ക് നോട്ടീസ് നൽകിയെന്നും മന്ത്രി വി ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു. സ്കൂൾ പ്രവേശനത്തിന് മാനേജ്മെന്റുകൾ അന്യായമായി ഫീസ് ഈടാക്കരുത്. അടിസ്ഥാനസൗകര്യ വികസനത്തിനെന്നപേരിൽ പൊതുവിദ്യാലയങ്ങളിൽ ഫീസ് വാങ്ങരുത്. സർക്കാർ അധ്യാപകർ സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ പോകാൻ പാടില്ല. ഇക്കാര്യങ്ങൾ അന്വേഷിക്കാൻ അടുത്തവർഷംമുതൽ സ്ക്വാഡുകൾ സജീവമാകും. ഡോ. വന്ദന ദാസിനെകൊന്ന സന്ദീപിനെതിരെ വിദ്യാഭ്യാസവകുപ്പ് വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

സമീർ വാങ്കഡെ ഷാരൂഖിനോട് 25 കോടി രൂപ ആവശ്യപ്പെട്ടെന്ന് സിബിഐ

മുംബൈ

ബോളിവുഡ് താരം ഷാരുഖ് ഖാനോട് 25 കോടി രൂപ കൈക്കൂലി ആവശ്യപ്പെട്ടെന്ന കേസിൽ നർകോട്ടിങ് കൺട്രോൾ ബ്യൂറോ (എൻസിബി) മുംബൈ സോണൽ മുൻ ഡയറക്ടർ സമീർ വാങ്കഡെയ്ക്കെതിരെ സിബിഐ കേസെടുത്തു. ഷാറൂഖിന്റെ മകൻ ആര്യൻ ഖാനെ മയക്കുമരുന്ന് കേസിൽനിന്ന് രക്ഷിക്കാൻ കൈക്കൂലി ആവശ്യപ്പെട്ടെന്നാണ് കേസ്. 2021 ഒക്ടോബറിൽ മുംബൈയിലെ ക്രൂയിസ് കപ്പലിൽവച്ച് ആര്യൻ ഖാനെ സമീർ വാങ്കഡെ അറസ്റ്റ് ചെയ്തിരുന്നു. 22 ദിവസത്തെ ജയിൽ വാസത്തിനു ശേഷമാണ് ആര്യന് ജാമ്യം ലഭിച്ചത്. വാങ്കഡെ കുറ്റപത്രത്തിൽ തിരിമറി നടത്തിയെന്ന് സിബിഐ അധികൃതർ നേരത്തേ ആരോപിച്ചിരുന്നു. വാങ്കഡെയ്ക്കും എൻസിബിയിലെ ഇന്റലിജൻസ് ഓഫീസറായിരുന്ന ആശിഷ് രഞ്ജനുമടക്കം നാലുപേർക്കെതിരെ സിബിഐ അന്വേഷണം നടത്തും. വാങ്കഡെ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്നും വിദേശയാത്രകൾ ശരിയായി വിശദീകരിക്കാൻ കഴിഞ്ഞില്ലെന്നും സിബിഐ അധികൃതർ പറഞ്ഞു.

ഹെഡ്മാഷ്

മുഖ്യമന്ത്രിസ്ഥാനം: കർണാടകത്തിൽ പ്രതിസന്ധി രൂക്ഷം

ഇവിടെ പ്രതിസന്ധിയില്ലാട്ടോ...

കേരളം രാജ്യത്ത് ശ്രദ്ധിക്കപ്പെടുന്നത് വികസനത്തിലെ വ്യത്യസ്തത കൊണ്ട്

എൽഡിഎഫ് പറഞ്ഞ 600 വാഗ്ദാനങ്ങളിൽ 580 എണ്ണവും നടപ്പാക്കി

വിഹിതം ബാങ്കുവഴിയെന്ന കേന്ദ്ര തീരുമാനം പെൻഷൻ ഇല്ലാതാക്കുമെന്ന് ആശങ്ക

ക്ഷേമം അഭിമാനം

സ്വന്തം ലേഖകൻ
പാലക്കാട്

പാവപ്പെട്ടവർക്ക് ക്ഷേമം എത്തിക്കുന്നത് എൽഡിഎഫ് സർക്കാർ അഭിമാനമായി കാണുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളം രാജ്യത്ത് ശ്രദ്ധിക്കപ്പെടുന്നത് നടപ്പാക്കുന്ന പദ്ധതികളിലെ വ്യത്യസ്തകൊണ്ടാണ്. വികസനത്തിനൊപ്പം ക്ഷേമ പ്രവർത്തനങ്ങൾ പ്രതിബദ്ധതയോടെ നടപ്പാക്കുന്നുവെന്നും പാലക്കാട് കോട്ടമൈതാനത്ത് തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു.

ക്ഷേമപദ്ധതികൾക്ക് തുടക്കം കുറിച്ചപ്പോൾ ശക്തമായ എതിർപ്പുയർന്നു. ഉൽപ്പാദനപരമല്ലെന്നായിരുന്നു വിമർശനം. 2016നുമുമ്പ് കേരളത്തിൽ ക്ഷേമപ്രവർത്തനങ്ങൾ എങ്ങനെയാണെന്ന് മറക്കരുത്. 600 രൂപയുടെ ക്ഷേമപെൻഷൻ വലിയ കുടിശ്ശികയായി. പെൻഷൻ തുക ലഭിക്കാതെ മണ്ണടിഞ്ഞ് പോയവരുണ്ട്. എൽഡിഎഫ് സർക്കാർ പെൻഷൻ കുടിശ്ശിക തീർത്തു. പ്രതിമാസ പെൻഷൻ 1,600 രൂപയാക്കി. ചില വിഭാഗങ്ങൾക്ക് നാമമാത്രമായി നൽകുന്ന ക്ഷേമപെൻഷൻ വിഹിതം ബാങ്ക് വഴി നേരിട്ട് നൽകാനുള്ള കേന്ദ്ര സർക്കാർ തീരുമാനം എങ്ങനെ നടപ്പാകുമെന്ന് കണ്ടറിയണം.

ചില വിഭാഗങ്ങൾക്കുള്ള പെൻഷന് നാമമാത്ര സഹായമുണ്ട്. അതിൽ 300 കോടി രൂപ സംസ്ഥാന സർക്കാരിന് കുടിശ്ശികയാണ്. എന്നിട്ടും സംസ്ഥാനം പെൻഷൻ മുടക്കിയില്ല. സർക്കാരിന് തുക നൽകാത്തവർ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അയക്കുമോ. ഭാവിയിൽ ഇത് ഇല്ലാതാകുമോയെന്ന് ആശങ്കയുമുണ്ട്.

രാജ്യത്ത് ആദ്യമായി കേരളം എല്ലാവർഷവും പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കുന്നു. എൽഡിഎഫ് പറഞ്ഞ 600 വാഗ്ദാനങ്ങളിൽ 580 എണ്ണവും നടപ്പാക്കി– മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി എം ബി രാജേഷ് അധ്യക്ഷനായി. മന്ത്രി കെ കൃഷ്ണൻകുട്ടി മുഖ്യാതിഥിയായി. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് പദ്ധതി വിശദീകരിച്ചു. എ പ്രഭാകരൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ബിനുമോൾ, കലക്ടർ ഡോ. എസ് ചിത്ര, ക്ഷേമനിധി ബോർഡ് ചെയർമാൻ എസ് രാജേന്ദ്രൻ, സിഇഒ ചുമതലയുള്ള എ ലാസർ എന്നിവർ സംസാരിച്ചു.

2025 നവംബറോടെ പരമദരിദ്രരുണ്ടാകില്ല

കേരളം പരമദരിദ്രരില്ലാത്ത സംസ്ഥാനമായി 2025 നവംബറോടെ പ്രഖ്യാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് 0.7 ശതമാനം പേർ മാത്രമാണ് പരമദരിദ്രർ– 64,000 പേർ. ഇതിൽ എത്രപേരെ മോചിപ്പിച്ചുവെന്ന് 2024 നവംബർ ഒന്നിന് ആദ്യഘട്ട പ്രഖ്യാപനം നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉദ്ഘാടനം നിർവഹിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ അംഗത്വ കാർഡ് അഗളിയിലെ രുഗ്മിണിക്ക് കൈമാറുന്നു

തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയും യാഥാർഥ്യമായി

സ്വന്തം ലേഖകൻ
പാലക്കാട്

രാജ്യത്ത്ആദ്യമായിതൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള ക്ഷേമനിധി സംസ്ഥാനത്ത് യാഥാർഥ്യമായി. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉദ്ഘാടനം പാലക്കാട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ആദ്യ ക്ഷേമനിധി അംഗത്വ കാർഡ് അട്ടപ്പാടി അഗളിയിലെ രുഗ്മിണിക്ക് മുഖ്യമന്ത്രി കൈമാറി. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറുദിന കർമപരിപാടിയുടെ ഭാഗമായാണ് പദ്ധതി.

പെൻഷൻ, വിവാഹ ധനസഹായം, പഠനസഹായം ഉൾപ്പെടെ തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും സുരക്ഷയും ക്ഷേമവും പദ്ധതി ഉറപ്പുവരുത്തും. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും മഹാത്മാ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും ഭാഗമായ 14 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഗുണഫലം ലഭിക്കും. 18നും 55നും ഇടയിൽ പ്രായമുള്ളവർക്ക് അംഗത്വത്തിന് അപേക്ഷിക്കാം. അപേക്ഷിക്കുന്ന വർഷമോ തൊട്ടുമുമ്പുള്ള രണ്ടുവർഷങ്ങളിലോ ഒരുവർഷം കുറഞ്ഞത് 20 ദിവസമെങ്കിലും തൊഴിൽ ചെയ്തിരിക്കണം. തൊഴിലാളി പ്രതിമാസം അടയ്ക്കുന്ന 50 രൂപ അംശാദായത്തിന് തുല്യമായ തുക സർക്കാർ വിഹിതം നൽകും.

പദ്ധതി രാജ്യത്ത് ആദ്യം

ഇടഞ്ഞ് ശിവകുമാർ

സിദ്ദരാമയ്യ ഡൽഹിയിൽ

റിബലാകാനും വിലപേശാനുമില്ല, ഉത്തരവാദിത്വം നന്നായി നിറവേറ്റിയവരോട് അൽപ്പം നന്ദി കാണിച്ചാൽ മതി

പ്രത്യേക ലേഖകൻ
ന്യൂഡൽഹി

സിദ്ദരാമയ്യ

കർണാടക മുഖ്യമന്ത്രിസ്ഥാനത്തേയ്ക്ക് പരസ്യഅവകാശവാദം ഉന്നയിച്ച് മുൻമുഖ്യമന്ത്രി സിദ്ദരാമയ്യയും പിസിസി അധ്യക്ഷൻ ഡി കെ ശിവകുമാറും. ഇവരുടെ തർക്കം രൂക്ഷമായതോടെ അനുനയനീക്കവുമായി കോൺഗ്രസ് ഹൈക്കമാൻഡ്. ഇരുനേതാക്കളെയും നേതൃത്വം ഡൽഹിലേക്ക് വിളിപ്പിച്ചെങ്കിലും ശിവകുമാർ യാത്ര ഒഴിവാക്കി. എന്നാൽ ശിവകുമാറിന്റെ സഹോദരനും എംപിയുമായ ഡി കെ സുരേഷ് ഡൽഹിയിലെത്തി കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെയെ കണ്ടു. പിന്നാലെ ചൊവ്വാഴ്ച ഡൽഹിയിലെത്തി ഹൈക്കമാൻഡുമായി ചർച്ച നടത്തുമെന്ന് ശിവകുമാർ പറഞ്ഞു.

135 കോൺഗ്രസ് എംഎൽഎമാരിൽ 90 പേരുടെ പിന്തുണ സിദ്ദരാമയ്യ പരസ്യമായി അവകാശപ്പെട്ടതും ലിംഗായത്, വൊക്കലിഗ സമുദായനേതാക്കൾ ശിവകുമാറിനെ മുഖ്യമന്ത്രിയാക്കണമെന്ന് ആവശ്യപ്പെടുന്നതും ഹൈക്കമാൻഡിനെ ആശയക്കുഴപ്പത്തിലാക്കിയിരിക്കുകയാണ്.

ചർച്ചകൾക്കായി സിദ്ദരാമയ്യ തിങ്കൾ ഉച്ചയ്ക്കുശേഷം ഡൽഹിയിലെത്തിയിരുന്നു. എന്നാൽ, രാത്രിയോടെ ആരോഗ്യസ്ഥിതി മോശമെന്ന് അറിയിച്ച് ശിവകുമാർ യാത്ര ഒഴിവാക്കി. സിദ്ദരാമയ്യയ്ക്ക് നറുക്കു വീഴുമെന്ന സൂചന കിട്ടിയതോടെയാണിത്. കർണാടകത്തിൽ കോൺഗ്രസ് പ്രതിസന്ധി നേരിട്ടപ്പോഴൊക്കെ താങ്ങായി നിന്നതും മുന്നിൽനിന്ന് നയിച്ചതും താനാണെന്ന് വൈകിട്ട് ദേശീയമാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ തുറന്നടിച്ചു. റിബലാകാനും വിലപേശാനുമില്ല, ഉത്തരവാദിത്വം നന്നായി നിറവേറ്റിയവരോട് അൽപ്പം നന്ദി കാണിച്ചാൽ മതി. സിദ്ദരാമയ്യയ്ക്ക് ആശംസ, ശിവകുമാർ വികാരാധീനനായി പറഞ്ഞു.

ഉപമുഖ്യമന്ത്രിപദവിയും പ്രധാന വകുപ്പും നൽകി ശിവകുമാറിനെ അനുനയിപ്പിക്കാനാണ് ഹൈക്കമാൻഡ് ശ്രമിക്കുന്നത്. എന്നാൽ, താൻ മുഖ്യമന്ത്രിയാകുമെന്ന് സിദ്ദരാമയ്യ ടെലിവിഷൻ ചാനലിനോട് പറഞ്ഞതും ഉപമുഖ്യമന്ത്രി സ്ഥാനത്തിന് ആഗ്രഹമുണ്ടെന്ന് മുതിർന്ന നേതാവ് എം ബി പാട്ടീൽ പ്രസ്താവന നടത്തിയതും ശിവകുമാറിനെ പ്രകോപിപ്പിച്ചു. കൂടുതൽ എംഎൽഎമാർ തന്നോടൊപ്പമാണെന്നും ഇപ്പോൾ നടക്കുന്നത് നടപടിക്രമങ്ങൾ മാത്രമാണെന്നും സിദ്ദരാമയ്യ അഭിമുഖത്തിൽ പറഞ്ഞു.

പിന്നാലെ ലിംഗായത്ത്, വൊക്കലിഗ വിഭാഗം നേതാക്കൾ ശിവകുമാറിന് പിന്തുണ അറിയിച്ച് രംഗത്തെത്തി. ശിവകുമാറിനെ മുഖ്യമന്ത്രിയാക്കണമെന്ന് വൊക്കലിഗ നേതാവ് ആദി ചുഞ്ചനഗിരി നിർമലാനന്ദ നാഥ പരസ്യമായി ആവശ്യപ്പെട്ടു. ബിജെപിക്കെതിരെ മികച്ച വിജയം നേടിയത് ശിവകുമാറിന്റെ ധൈര്യം കൊണ്ടാണെന്ന് കോൺഗ്രസിന്റെ പ്രചാരണ തന്ത്രജ്ഞൻ നരേഷ് അറോറ പ്രതികരിച്ചു.

നിയുക്ത എംഎൽഎമാർ കഴിഞ്ഞദിവസം ബംഗളൂരുവിൽ യോഗം ചേർന്ന്, പുതിയ മുഖ്യമന്ത്രിയെ നിശ്ചയിക്കാൻ എഐസിസി പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെയെ ചുമതലപ്പെടുത്തി. തുടർന്ന് നിരീക്ഷകർ എംഎൽഎമാരെ ഒറ്റയ്ക്ക്ഒറ്റയ്ക്ക് കണ്ടപ്പോൾ 85 പേർ സിദ്ദരാമയ്യയെയും 45 പേർ ശിവകുമാറിനെയും അനുകൂലിച്ചു. അഞ്ചുപേർ ഹൈക്കമാൻഡ് തീരുമാനിക്കട്ടെയെന്നാണ് അഭിപ്രായപ്പെട്ടത്.

കോൺഗ്രസിന് അന്ത്യശാസനവുമായി സച്ചിൻ പൈലറ്റ്

- മുഖ്യമന്ത്രി അശോക് ഗെലോട്ട് അഴിമതിയോട് സന്ധി ചെയ്തെന്ന് ആരോപിച്ച് നടത്തിയ പദയാത്ര സമാപിച്ചു

പ്രത്യേക ലേഖകൻ
ന്യൂഡൽഹി

രാജസ്ഥാൻ പിഎസ്സി അഴിമതിയിൽ 15 ദിവസത്തിനകം നടപടി ഉണ്ടായില്ലെങ്കിൽ സംസ്ഥാന വ്യാപകമായി വൻ പ്രക്ഷോഭം നടത്തുമെന്ന് കോൺഗ്രസ് നേതാവ് സച്ചിൻ പൈലറ്റ്. രാജസ്ഥാൻ പബ്ലിക് സർവീസ് കമീഷൻ പിരിച്ചുവിട്ട് പുനഃസംഘടിപ്പിക്കണം. മുൻ ബിജെപി സർക്കാരിന്റെ കാലത്തെ അഴിമതി ആരോപണങ്ങളിൽ ഉന്നതതല അന്വേഷണം വേണം തുടങ്ങിയവയാണ് സച്ചിൻ ആവശ്യപ്പെടുന്നത്. മുഖ്യമന്ത്രി അശോക് ഗെലോട്ട് അഴിമതിയോട് സന്ധിചെയ്തെന്ന് ആരോപിച്ച് മുൻ ഉപമുഖ്യമന്ത്രി സച്ചിൻ നേതൃത്വം നൽകിയ പദയാത്ര ജയ്പുരിൽ ആയിരങ്ങൾ പങ്കെടുത്ത റാലിയോടെ സമാപിച്ചു. 11നാണ് പദയാത്ര തുടങ്ങിയത്.

അഴിമതിചൂണ്ടിക്കാട്ടി മുഖ്യമന്ത്രിക്ക് പലതവണ കത്ത് നൽകിയിട്ടും ഫലമുണ്ടായില്ലെന്ന് സച്ചിൻ പൈലറ്റ് പറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ പ്രക്ഷോഭം കോൺഗ്രസിലെ ഐക്യത്തെ ബാധിക്കില്ലേ എന്ന ചോദ്യത്തോട് വ്യക്തിഗത ആരോപണങ്ങൾ ഉന്നയിച്ചിട്ടില്ലെന്ന് സച്ചിൻ പ്രതികരിച്ചു. 2020ൽ സച്ചിന്റെ നേതൃത്വത്തിൽ ഇരുപതോളം കോൺഗ്രസ് എംഎൽഎമാർ ഉയർത്തിയ കലാപം മറികടന്നത് ബിജെപി നേതാവ് വസുന്ധര രാജെ സിന്ധ്യയുടെ സഹായത്താലാണെന്ന് ഗെലോട്ട് അവകാശപ്പെട്ടതിനു പിന്നാലെയാണ് സച്ചിൻ നിലപാട് കടുപ്പിച്ചത്. രാജസ്ഥാനിലെ പൊട്ടിത്തെറിയിൽ നടപടി എടുക്കാനാകാതെ കോൺഗ്രസ് ഹൈക്കമാൻഡ് ആശയക്കുഴപ്പത്തിലാണ്.

കുടുംബശ്രീ രജതജൂബിലി സമാപന ആഘോഷത്തിന് തുടക്കം

- നാളെ സമാപിക്കും

തിരുവനന്തപുരം

കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക മാറ്റത്തിന് ചുക്കാൻ പിടിച്ച കുടുംബശ്രീയുടെ രജതജൂബിലി ആഘോഷങ്ങൾ 17ന് സമാപിക്കും. മൂന്നുദിവസങ്ങളിലായി പുത്തരിക്കണ്ടം മൈതാനിയിൽ സംഘടിപ്പിക്കുന്ന സമാപന ആഘോഷങ്ങൾ തിങ്കളാഴ്ച തുടങ്ങി. 'കുടുംബശ്രീ @25' നൃത്തശിൽപ്പത്തോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. 'കല ആത്മാവിഷ്കാരത്തിന്റെയും സാമൂഹ്യമാറ്റത്തിന്റെയും മാധ്യമം', 'വനിതാ സംരംഭകർ, സാമൂഹികമാറ്റത്തിനുള്ള ചാലകശക്തികൾ', 'കുറ്റകൃത്യങ്ങളും അതിക്രമങ്ങളും തടയൽ: സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കൂട്ടായ പ്രവർത്തനം' എന്നീ വിഷയങ്ങളിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. കലാ–സാംസ്കാരിക കൂട്ടായ്മയിൽ കുടുംബശ്രീ അംഗങ്ങൾ പരിപാടികൾ അവതരിപ്പിച്ചു.

ചൊവ്വ പകൽ 11.45 മുതൽ വൈകിട്ട് ആറുവരെ നാല് വിഷയങ്ങളിൽ പാനൽചർച്ചയുണ്ട്. ബുധൻ പകൽ 3.30ന് മുഖ്യമന്ത്രി പിണറായി വിജയൻ സ്ഥാപകദിന പ്രഖ്യാപനം നടത്തും. രജതജൂബിലി ആഘോഷസമാപനവും 'റേഡിയോശ്രീ'യും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. പുതുക്കിയ ലോഗോ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രകാശിപ്പിക്കും.

തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ഒരുക്കിയ തീമാറ്റിക്ക് ഏരിയയുടെ പ്രവേശന കവാടത്തിൽ ഘടിപ്പിച്ച ഫോഗ് സ്ക്രീൻ പ്രൊജക്ഷൻ കൗതുകത്തോടെ നോക്കിനിൽക്കുന്ന സിഡിഎസ് പ്രവർത്തക. ഫോട്ടോ: മിഥുൻ അനില മിത്രൻ

അന്തർദേശീയ താരങ്ങൾക്ക് ഗ്രേസ് മാർക്ക് കൂട്ടി

തിരുവനന്തപുരം

എസ്എസ്എൽസി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർഥികളുടെ കായികം, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, എൻഎസ്സ് വിഭാഗങ്ങളിലെ ഗ്രേസ് മാർക്ക് ഉയർത്തി. അന്തർദേശീയ കായിക മത്സരങ്ങളിൽ ആദ്യ മൂന്നുസ്ഥാനം നേടുന്നവർക്ക് 100, 90, 80 എന്നിങ്ങനെ ഗ്രേസ് മാർക്ക് ലഭിക്കും. പങ്കെടുക്കുന്നവർക്ക് 75 മാർക്കും. ദേശീയ മത്സരങ്ങളിൽ ആദ്യ മൂന്നുസ്ഥാനം നേടുന്നവർക്ക് 50, 40, 30 എന്നിങ്ങനെയും പങ്കെടുക്കുന്നവർക്ക് 25ഉം മാർക്ക് ലഭിക്കും. ഹയർ സെക്കൻഡറി സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന് 25 ഗ്രേസ് മാർക്ക് ലഭിക്കും. രാജ്യപുരസ്കാർ, ചീഫ് മിനിസ്റ്റർ ഷീൽഡ് ലഭിക്കുന്നവർക്ക് 40 ഗ്രേസ് മാർക്ക് ലഭിക്കും. രാഷ്ട്രപതി അവാർഡ് നേടുന്നവർക്ക് 50 മാർക്ക് ലഭിക്കും. റിപ്പബ്ലിക് ദിന ക്യാമ്പ് വളന്റിയേഴ്സിന്റെ ഗ്രേസ് മാർക്ക് 40 ആയി ഉയർത്തി. ഇത് 2022–23 അധ്യയന വർഷത്തേക്ക് മാത്രമായിരിക്കും. തുടർ വർഷങ്ങളിൽ ഗ്രേസ് മാർക്ക് നിശ്ചയിക്കുന്നതിന് സർക്കാർതലത്തിൽ കമ്മിറ്റി രൂപീകരിച്ച് തീരുമാനിക്കും.

സ്ത്രീശക്തിയുടെ വേറിട്ട ശബ്ദങ്ങൾ– പേജ് 11